## 2. വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021 ജനുവരി 22-ന് 2021 വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് സഭ ചർച്ച ചെയ്ത് പാസ്സാക്കിയതാണ്. എന്നാൽ ആ സമയത്ത് 2021 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള നാല് മാസത്തേയ്ക്കാണ് വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്ന് പാസ്സാക്കിയത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഒരു സാമ്പത്തിക വർഷത്തെ ആദ്യത്തെ ഏഴ് മാസം വോട്ട് ഓൺ അക്കൗണ്ട് അനുവദിക്കുന്നതുവഴി നമ്മുടെ വകുപ്പുകളുടെ ധനവിനിയോഗത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ഫിനാൻഷ്യൽ സ്ക്രൂട്ടിനി ഇതിൽ ഉണ്ടാകാതെ പോകുകയാണ് ചെയ്യുന്നത്. ശക്ധർ & കൗളിൽ കൃത്യമായി പറയുന്നത്, "Normally, the Vote on Account is taken for two months only. During an election year or when it is anticipated that the main Demands and Appropriation Bill will take longer than two months to be passed by the House. The Vote on Account may be for a period exceeding two

months and may extend to three or four months" എന്നാണ്. പക്ഷേ ഇവിടെ ഇത് ഏഴ് മാസത്തേയ്ക്ക് വരികയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഞങ്ങൾക്ക് ഇന്ന് തന്ന കവറിൽ ജൂൺ 6 മുതൽ ജൂലൈ 5 നകം സബ്ജക്ട് കമ്മിറ്റി കൂടുന്നതിനെ സംബന്ധിച്ചുള്ള യോഗസമയവിവര പട്ടികയുണ്ട്. അപ്പോൾ ജൂലൈ 5-നുള്ളിൽ സബ്ജക്ട് കമ്മിറ്റിയുടെയെല്ലാം യോഗം കൂടി തീരുകയാണ്. ഇതുസംബന്ധിച്ച് 236(2) പ്രകാരം ഇന്നലെ ഒരു പ്രമേയം കൊണ്ടുവരേണ്ടതായിരുന്നു. 236(2) ഞാൻ വായിക്കാം, 'The Subject Committees shall complete the scrutiny of all the demands for grants within a period not exceeding four weeks from the date of completion of the discussion refered to in Rule 141'. അപ്പോൾ നാല് ആഴ്ചയ്ക്കുള്ളിൽതന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന പൂർത്തിയാകും എന്നതുസംബന്ധിച്ച് ഗവൺമെന്റിന് കൃത്യതയുണ്ട്. ഇത് നോക്കുമ്പോഴും നമുക്ക് മനസ്സിലാകും ജൂലൈ 5 ന് പൂർത്തിയാകുകയാണെന്ന്. അത്തരത്തിൽ ജൂലൈ 5-ന് സബ്ജക്ട് കമ്മിറ്റി പരിശോധന പൂർത്തിയായാൽ ജൂലൈ മധ്യത്തോടെ നിയമസഭ കൂടി ഇത് പാസ്സാക്കാൻ കഴിയും. എങ്കിൽപ്പിന്നെ ഒക്ടോബർ വരെ വോട്ട് ഓൺ അക്കൗണ്ട് നീട്ടേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. നമ്മൾ അടുത്ത സഭാ

സമ്മേളനത്തിൽ വകുപ്പ് തിരിച്ച് ധനവിനിയോഗം ചർച്ച ചെയ്യുമ്പോൾ, ഇന്ന് ഇത് പാസ്സാകുന്നതോടുകൂടി ഒക്ടോബർ വരെ നമ്മൾ അനുവദിച്ചു കൊടുത്ത ധനവിനിയോഗത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. എന്റെ പോയിന്റ്, ജൂലൈ മധ്യത്തോടുകൂടി പരമാവധി ഓഗസ്റ്റ് മാസംവരെ വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്നാൽ മതിയായിരുന്നു. ഒക്ടോബർ വരെ കൊണ്ടുപോകേണ്ട കാര്യമുണ്ടോ? ബഹുമാനപ്പെട്ട സ്പീക്കർ, സബ്ജക്ട് കമ്മിറ്റിയുടെ പ്രാധാന്യത്തെ കുറയ്ക്കുന്നതാണ് ഈ നടപടി. ഇതിന്മേൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ജൂലൈ 31-ന് മുൻപ് നിയമസഭ ചേർന്ന് ബജറ്റ് പാസ്സാക്കാൻ കഴിയുമെങ്കിൽപിന്നെ ഒക്ടോബർ വരെ വോട്ട് ഓൺ അക്കൗണ്ട് നീട്ടേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. സബ്ജക്ട് കമ്മിറ്റി ചേർന്ന് ജൂലൈയിൽതന്നെ നിയമസഭ ചേരാനാണ് ഇപ്പോൾ നമ്മൾ തീരുമാനിച്ചിരിക്കുന്നത്. പക്ഷെ നിലവിലെ കോവിഡിന്റെ സാഹചര്യത്തിൽ യോഗങ്ങൾ ചേരാനൊക്കെയുള്ള പ്രശ്നങ്ങൾ കാരണം ജൂലൈ 31-ന് മുൻപ് ബജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 1 മുതൽ ഭരണപരമായ പ്രശ്നങ്ങൾ നേരിടേണ്ടിവരും. അതേ സമയം നേരത്തെ ഇത് പാസ്സാക്കാൻ കഴിഞ്ഞാൽ

അതോടുകൂടി ഇപ്പോൾ ഈ പാസ്സാക്കുന്ന വോട്ട് ഓൺ അക്കൗണ്ടിന്റെ പ്രസക്തി നഷ്ടപ്പെട്ട് ജൂലൈ 31-ന് മുൻപ് നമ്മൾ പാസ്സാക്കുന്ന ബജറ്റാകും നിലവിൽ വരിക. അതുകൊണ്ട് ഈ ആവശ്യകതകൾകൂടി കണ്ടുകൊണ്ടാണ് വോട്ട് ഓൺ അക്കൗണ്ട് ഒക്ടോബർ വരെ നീട്ടിയത്. സബ്ജക്ട് കമ്മിറ്റികളുടെകൂടി ചർച്ചയുടെ അടിസ്ഥാനത്തിൽ നമ്മൾ ജൂലൈ 31-ന് മുൻപുതന്നെ ബജറ്റ് പാസ്സാക്കുന്നതായിരിക്കും.